**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 240 09/03/2017-ലെ മറുപടിയ്ക്ക്

**<u>പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹ ധനസഹായം</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുരളി പെരുനെല്ലി<br>" റ്റി.വി.രാജേഷ്<br>" കെ.ബാബു<br>" പി.ടി.എ.റഹീം | ശ്രീ.എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും, പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
| (എ) പട്ടികജാതി വിഭാഗത്തിലെ നിർദ്ധനരായ പെൺകുട്ടികൾക്ക് വിവാഹ ധനസഹായം നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) പട്ടികജാതി വിഭാഗത്തിലെ നിർദ്ധനരായ പെൺകുട്ടികൾക്ക് വിവാഹ ധനസഹായം നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) ഇതിനായി എത്ര തുകയാണ് നീക്കി വെച്ചിട്ടുള്ളത്; എത്രപേർക്ക് ഇതിന്റെ ആനുകൂല്യം നൽകിയെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ അറിയിക്കുമോ; | (ബി) 2016-17 സാമ്പത്തിക വർഷം ഇതിലേക്ക് 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 15/02/2017 വരെ 9869 പേർക്ക് 49.32 കോടി രൂപയുടെ ആനുകൂല്യം നൽകിയിട്ടുണ്ട്. |
| (സി) പ്രസ്തുത ധനസഹായത്തിന് അപേക്ഷിക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) സ.ഉ(കൈ)നം.893/16/പജപവവിവ തീയതി 01/07/2016 പ്രകാരം വിവാഹ ധനസഹായത്തിനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി വിവാഹ തീയതി മുതൽ ഒരു വർഷമാക്കി ദീർഘിപ്പിച്ചിട്ടുണ്ട്. |
| (ഡി) ഈ ധനസഹായം അർഹരായവർക്കുതന്നെ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി) ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, പെൺകുട്ടികളുടെ പ്രായം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്, വിവാഹ ക്ഷണക്കത്ത്, വിവാഹം നിശ്ചയിച്ചു എന്നതിന്റെ സമുദായ സംഘടനയുടെ/ ഗസറ്റഡ് ഓഫീസറുടെ സാക്ഷ്യപത്രം, തദ്ദേശഭരണ സ്ഥാപനത്തിൽ നിന്ന് |

ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം എന്നിവ സഹിതമുള്ള അപേക്ഷകൾ ബ്ലോക്ക്/ മുനിസിപ്പൽ കോർപ്പറേഷൻ/ പട്ടികജാതി വികസന ഓഫീസർ പരിശോധിച്ച് അർഹത ഉറപ്പ വരുത്തിയാണ് ധനസഹായം നൽകുന്നത്. വരുമാന പരിധി 50,000/-രൂപയാണ്.

**സെക്ഷൻ ഓഫീസർ**